"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - 2015 ൽ കേരളത്തിൽ വെച്ച് നടന്ന 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് റഗ്ബിയിൽ വെങ്കല മെഡൽ നേടിയ ടീം അംഗമായ ശ്രീമതി ഹരിശ്രീ എം., തേരിയംവിള വീട്, പേരയം, പാലോട്, തിരുവനന്തപുരം-ന് കായിക യുവജനകാര്യ വകുപ്പിൽ ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവീസസ് - ഡി) വകുപ്പ്**

സ.ഉ.(കൈ) നം.74/2025/GAD തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:-

1. 20/05/2006 ലെ സ.ഉ.(കൈ) നം. 127/2006/പൊഭവ.
2. 23/07/2014 ലെ സ.ഉ.(അച്ചടി) നം. 206/2014/പൊഭവ.
3. 26/08/2019 ലെ സ.ഉ.(കൈ) നം. 7/2019/എസ്.വൈ.എ.
4. 25/02/2021 ലെ സ.ഉ.(കൈ) നം. 65/2021/പൊഭവ
5. 14/03/2022 ലെ സ.ഉ.(കൈ) നം. 39/2022/പൊഭവ
6. ശ്രീമതി ഹരിശ്രീ എം. 21/10/2022 ന് സമർപ്പിച്ച അപേക്ഷ.

**<u>ഉത്തരവ്</u>**

2015 ൽ കേരളത്തിൽ വെച്ച് നടന്ന 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായികതാരങ്ങൾക്ക് വിവിധ സർക്കാർ വകുപ്പുകളിൽ എൽ.ഡി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമിക്കാൻ അനുമതി നൽകിക്കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (3) ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള 82 കായികതാരങ്ങൾക്ക് കായിക യുവജനകാര്യ വകുപ്പിൽ എൽ.ഡി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമിക്കുന്നതിന് പരാമർശം (4) പ്രകാരവും എസ്.എസ്.എൽ.സി യോഗ്യത കൈവരിച്ചിട്ടില്ലാത്ത ഒരാൾക്ക് പഞ്ചായത്ത് വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലും നിയമിക്കുന്നതിന് പരാമർശം (5) പ്രകാരവും സർക്കാർ അനുമതി അനുമതി നൽകിയിരുന്നു.

**2.** 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് റഗ്ബി ടീമിനത്തിൽ

വെങ്കലമെഡൽ നേടിയ ടീമിൽ അംഗമായിരുന്ന ശ്രീമതി ഹരിശ്രീ എം.-ന് മെഡൽ നേടിയ സമയത്ത് പതിനെട്ട് വയസ് തികഞ്ഞിരുന്നില്ല. 18 വയസ് തികഞ്ഞപ്പോൾ അപേക്ഷ യഥാസമയം സമർപ്പിക്കുവാൻ സാധിച്ചിരുന്നില്ലെന്നും തന്റെ ടീം അംഗങ്ങളായ എല്ലാവർക്കും നിയമനം ലഭിച്ചിട്ടും തനിക്ക് മാത്രം നിയമനം ലഭിച്ചില്ലെന്നും തന്റെ ദയനീയാവസ്ഥയും സാമ്പത്തിക ബുദ്ധിമുട്ടും പരിഗണിച്ച് സർക്കാർ സർവ്വീസിൽ നിയമനം നൽകണമെന്നുമഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി ഹരിശ്രീ എം പരാമർശം (6) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2015 ൽ കേരളത്തിൽ വെച്ച് നടന്ന 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് റഗ്ബി ടീം ഇനത്തിൽ വെങ്കല മെഡൽ നേടിയ ശ്രീമതി ഹരിശ്രീ എം.-ന് കായിക യുവജനകാര്യ വകുപ്പിൽ Rs. 26,500 - 60,700 ശമ്പളസ്കെയിലിൽ ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമിക്കുന്നതിന് കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ശ്രീമതി ഹരിശ്രീ എം.-ന്റെ സർവ്വീസ് സംബന്ധിച്ച് പരാമർശം (1) പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ടിയാളുടെ നിയമനം പരാമർശം (2) ലെ അപ്പെന്റിക്സിലെ ഖണ്ഡിക (13), (14) എന്നിവയിലെ ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

*"(13) The Rules in the Kerala State and Subordinate Service Rules, 1958 and the Special Rules in regard to age, probation etc., shall apply to the sports persons appointed under the scheme but the rules regarding reservation of appointments shall not apply.*

*(14) Rules regarding verification of character and antecedents shall apply in the case of candidates appointed under the scheme. The candidates allotted for appointment under the scheme shall be initially appointed temporarily under General Rules 9(a) (I) of part II of the Kerala State and Subordinate Service Rules, 1958 and regularized later after their character and antecedents have been verified and found to be satisfactory."*

5. കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ ശ്രീമതി ഹരിശ്രീ എം. ന് അടിയന്തിരമായി നിയമന ഉത്തരവ് നൽകേണ്ടതാണ്. കായിക രംഗത്തെ പ്രവർത്തനങ്ങൾക്കായി കഴിയുന്നിടത്തോളം വകുപ്പിൽ ടിയാൾ ആവശ്യപ്പെടുന്ന / തിരഞ്ഞെടുക്കുന്ന സ്ഥലത്ത് തന്നെ നിയമനം നൽകേണ്ടതാണ്. ടിയാളെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങൾക്ക് അനുവർത്തിക്കുന്നതുപോലെ സർട്ടിഫിക്കറ്റുകൾ / രേഖകൾ നിയമനാധികാരി പരിശോധിക്കേണ്ടതാണ്. ഈ ഉത്തരവ്

നടപ്പിലാക്കിയ വിവരവും ശ്രീമതി ഹരിശ്രീ എം നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ പ്രസ്തുത വിവരവും ഡയറക്ടർ യഥാസമയം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. തുടർ പരിശോധനയിൽ ഈ ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് കണ്ടെത്തുകയാണെങ്കിൽ ഉത്തരവ് റദ്ദാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ബിജു ഐ എ എസ്**

**സെക്രട്ടറി**

1. ശ്രീമതി ഹരിശ്രീ എം., തേരിയംവിള വീട്, പേരയം, പാലോട്, തിരുവനന്തപുരം. (*രജിസ്റ്റേർഡ് തപാൽ മുഖേന*)
2. ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.
3. സെക്രട്ടറി, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
5. പൊതുഭരണ (എസ്.സി) വകുപ്പ്. (*28/05/2025 ലെ ഇനം നം. 2979 പ്രകാരം*)
6. ധനകാര്യ (വ്യയം - എ) വകുപ്പ്. (*04/11/2023 ലെ EXP-A2/55/2020-FIN പ്രകാരം.*)
7. കായിക യുവജനകാര്യ (എ) വകുപ്പ്.
8. ഐ.&. പി ആർ ഡി വെബ് & ന്യൂ മീഡിയ.
9. സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് (എസ്ഡി1/88/2023/പൊഭവ)

*ഉത്തരവിൻ പ്രകാരം*

Signed by
Badusha S
Date: 31-05-2025 11:36:40

*സെക്ഷൻ ഓഫീസർ*